പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1954 | 10.03.2020 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണം

ചോദ്യം

ശ്രീമതി വീണാ ജോർജ്ജ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ വർഷം സംസ്ഥാനത്ത് കർഷകരിൽ നിന്നും എത്രമാത്രം നെല്ല് സംഭരിച്ചു എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ; | (എ) | കഴിഞ്ഞ വർഷം സംസ്ഥാനത്ത് കർഷകരിൽ നിന്നും 6.93 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ബി) | പ്രാദേശിക കർഷകരിൽനിന്നും നെല്ല് സംഭരിക്കുക വഴി അരിയുടെ വിലസ്ഥിരത ഉറപ്പ് വരുത്താൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; | (ബി) | പ്രാദേശികമായി സംഭരിക്കുന്ന നെല്ല് കേന്ദ്ര സർക്കാർ നിബന്ധനകൾ പ്രകാരം പൊതു വിതരണ സമ്പ്രദായത്തിലൂടെ ജനങ്ങൾക്ക് നൽകുക വഴി കർഷകർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനും അരിയുടെ വില സ്ഥിരത ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇതുവഴി അന്യ സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങുന്നതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അതിന്റെ കണക്ക് വെളിപ്പെടുത്തുമോ; | (സി) | വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം മാത്രമാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. ഈ പദ്ധതിയിലേയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങേണ്ടുന്ന സാഹചര്യം ഇല്ല. |
| (ഡി) | ആറൻമുള നിയോജക മണ്ഡലത്തിൽ 2018-19 കാലയളവിൽ സംഭരിച്ച നെല്ലിന്റെ അളവ് വ്യക്തമാക്കുമോ; സംഭരിച്ച നെല്ലിന്റെ പണം സപ്ലൈകോ കർഷകർക്ക് നൽകുന്ന നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ആറന്മുള നിയോജക മണ്ഡലത്തിൽ നിന്നും 2018-19 സീസണിൽ 1475.443 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ പണം സപ്ലൈകൊ കർഷകർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ